(ഡി & ഇ) ഉപചോദ്യം (സി)-യുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആദിവാസി സംഘടനകളുമായി നടത്തിയ ചർച്ചകളിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

119 [878] ശ്രീ. എ. കെ. ബാലൻ :
„ എം. വി. ജയരാജൻ :
„ വി. ചെന്താമരാക്ഷൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് നൽകുന്നതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ ; ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച സർക്കാർ പ്രഖ്യാപനം നടപ്പാക്കാത്തതിനാൽ ആദിവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമി ലഭ്യമാക്കുന്നതിന് ഉണ്ടായ വീഴ്ചകൾക്ക് എന്താണ് കാരണം ;

(സി) ആദിവാസി ക്ഷേമനിധി ഉൾപ്പെടെയുള്ള സംഘടനകളുമായി സർക്കാർ തലത്തിൽ ഇതിനകം നടത്തിയ ഓരോ ചർച്ചകളിലെയും ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരിന്നു ; അവ നടപ്പാക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ് ;

(ഡി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും അഞ്ച് ഏക്കർ വീതം ഭൂമി നൽകുന്നതിന് യോഗ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനകം കണ്ടെത്തിയ ഭൂമി എത്ര ; ഇനിയും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട് ?

ഉത്തരം

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും നൽകുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്താനായിട്ടില്ല. എന്നിരുന്നാലും ഈ ദിശയിൽ സർക്കാർ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുകയും ഒരു പരിധി വരെ ഭൂമി കണ്ടെത്തി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആദിവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ സർക്കാർ പലവിധത്തിലുമുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ബി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. വിതരണ യോഗ്യമായതും നിയമപ്രശ്നങ്ങളില്ലാത്തതുമായ ഭൂമിയുടെ ലഭ്യതക്കുറവാണ് ആദിവാസികൾക്കുള്ള ഭൂമി വിതരണം പൂർത്തിയാക്കാൻ പ്രധാന തടസ്സമായിട്ടുള്ളത്.

(സി) ഇത് സംബന്ധിച്ച യോഗ തീരുമാനങ്ങൾ അനുബന്ധം-I-ൽ ചേർത്തിട്ടുണ്ട്. † തീരുമാനങ്ങളിൽ ചിലത് ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ നടപ്പാക്കുന്നതിനാവശ്യമായ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ചർച്ചകളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും സർക്കാർ വിലയിരുത്തുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും അഞ്ച് ഏക്കർ വീതം ഭൂമി നൽകുന്നതിന് യോഗ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല. ഇതിനകം കണ്ടെത്തിയ ഭൂമി സംബന്ധിച്ച വിവരം അനുബന്ധം-II-ൽ ചേർത്തിട്ടുണ്ട്. † പ്രാരംഭ കണക്കനുസരിച്ച് 22052 ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണ്ടെത്തിയിരുന്നത്. ഭൂമി വിതരണം ചെയ്യുന്നതിന് അപേക്ഷകൾ പരിശോധിക്കുമ്പോൾ പ്രാരംഭ കണക്കുകളിൽ ഏറ്റക്കുറച്ചിലുകൾ കണ്ടിട്ടുണ്ട്. കൂടുതൽ സമുദായങ്ങളെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതുമൂലവും ഭൂരഹിത ആദിവാസി കുടുംബങ്ങളുടെ കണക്കിൽ വ്യത്യാസം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഇവ സംബന്ധിച്ച കൃത്യമായ സർവ്വേ നടത്തിയിട്ടില്ല. അതിനാൽ ഇനിയും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട് എന്ന കാര്യം കൃത്യമായ ഒരു സർവ്വേക്ക് ശേഷമേ വ്യക്തമാകുകയുള്ളു. ഇതുവരെ 3802 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്നും വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മുത്തങ്ങയിലെ ആദിവാസി ഭൂസമരത്തെ തുടർന്നുള്ള ക്രിമിനൽ കേസുകൾ

120 [879] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തങ്ങയിൽ നടന്ന ആദിവാസി ഭൂസമരത്തിന്റെ ഭാഗമായി എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ട് ;

(ബി) ഈ കേസുകളിൽ എത്ര പട്ടിക വർഗ്ഗക്കാർ ഉൾപ്പെടുന്നുണ്ട് ; ഇതിൽ എത്ര പേർ സ്ത്രീകളാണ് ;

(സി) പോലീസ് വെടിവെയ്പിൽ മരണപ്പെട്ട ശ്രീ. ജോഗിയുടെ കുടുംബത്തിന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ഡി) സഹായം നൽകാതിരുന്നതിന് പ്രത്യേക കാരണം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പട്ടികവർഗ്ഗക്കാർ പ്രതികളായിട്ടുള്ള മേൽ കേസുകളിൽ അവർക്ക് വേണ്ടി സൗജന്യമായി കേസ് നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 7 ക്രിമിനൽ കേസുകൾ. ഇവ പിന്നീട് സി.ബി.ഐ.-ക്ക് കൈമാറി.

(ബി) 170 പട്ടികവർഗ്ഗക്കാർ. ഇതിൽ 10 പേർ സ്ത്രീകളാണ്.

(സി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly